2024
FEBRUARY
17
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഇടപാടുകൾ നിർത്താൻ പേയ്ടിഎമ്മിനു മാർച്ച് 15 വരെ സമയം; റിസർവ് ബാങ്ക്

**മുംബൈ:** ഇടപാടുകൾ നിർത്താൻ പേയ്ടിഎം പേയ്മെന്റ് ബാങ്കിന് മാർച്ച് 15 വരെ സമയം നീട്ടി അനുവദിച്ചു റിസർവ് ബാങ്ക്. ഫെബ്രുവരി 29 വരെയായിരുന്നു നേരത്തേ അനുവദിച്ചിരുന്ന സമയം. 15 ദിവസം കൂടിയാണ് ആർബിഐ സമയം നീട്ടി അനുവദിച്ചിരിക്കുന്നത്. വ്യാപാരികൾ ഉൾപ്പെടെയുള്ളവരുടെ പൊതു താൽപര്യം പരിഗണിച്ചാണ് തീരുമാനം. ബദൽ ക്രമീകരണങ്ങൾ ചെയ്യാൻ കുറച്ചു സമയം കൂടി ആവശ്യമായി വന്നേക്കും. ഇതു കണക്കിലെടുത്താണു തീരുമാനമെന്ന് ആർബിഐ വ്യക്തമാക്കി.

ഉപഭോക്താക്കൾക്ക് ഒരു അസൗകര്യവും ഉണ്ടാക്കാതെ നിക്ഷേപങ്ങൾ പിൻവലിക്കാനുള്ള സൗകര്യം പേയ്ടിഎം ബാങ്ക് ഒരുക്കണമെന്നു റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിസർവ് ബാങ്ക് നടപടിക്ക് പിന്നാലെ പേയ്ടിഎമ്മിനെതിരെ ഇഡി അന്വേഷണവും ആരംഭിച്ചിരുന്നു. വിദേശനാണയ വിനിമയചട്ട ലംഘനം നടത്തിയതിനാണ് ഇ!ഡി അന്വേഷണം. മാർച്ച് 15നു ശേഷം പേയ്ടിഎം ബാങ്കിന്റെ സേവിങ്സ് / കറന്റ് അക്കൗണ്ടുകൾ, വോലറ്റ്, ഫാസ്ടാഗ്, നാഷനൽ മൊബിലിറ്റി കാർഡ് എന്നിവയിൽ പണം നിക്ഷേപിക്കുന്നതാണ് ആർബിഐ വിലക്കിയിരിക്കുന്നത്.

### ആകാശത്ത് ഇന്ധനം നിറയ്ക്കുന്ന വിമാനം, അത്യാധുനിക റഡാർ

## 84,560 കോടിയുടെ പ്രതിരോധ സാമഗ്രികൾ വാങ്ങാൻ ഭാരതം

**ന്യൂഡൽഹി:** ഇന്ത്യയുടെ പ്രതിരോധ ശേഷി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 84,560 കോടി രൂപയുടെ പ്രതിരോധ സാമഗ്രികൾ വാങ്ങാൻ അനുമതി നൽകി ഡിഫൻസ് അകിസിഷൻ കൗൺസിൽ (ഡിഎസി). പുതിയ ടാങ്ക് വിരുദ്ധ മൈനുകൾ, ഹെവിവെയ്റ്റ് ടോർപ്പിഡോകൾ, മൾട്ടിമിഷൻ മാരിടൈം എയർക്രാഫ്റ്റ്, റഡാറുകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങുന്നതിനാണ് അനുമതി. കേന്ദ്ര കാബിനറ്റ് കമ്മിറ്റിയാണ് അന്തിമ അനുമതി നൽകേണ്ടത്.



സായുധ സേനകളുടെയും കോസ്റ്റ് ഗാർഡിന്റെയും കരുത്ത് വർധിപ്പിക്കുന്നതാണ് പുതിയ നിർദേശം. 'ആത്മനിർഭർ ഭാരത്' പദ്ധതിയുടെ ഭാഗമായി ഇന്ത്യയിൽ തന്നെ നിർമിച്ച സാമഗ്രികൾ വാങ്ങുന്നതിനാണു മുൻഗണന. അത്യാധുനിക സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന നൂതന ഉപകരണങ്ങളാണ് പുതിയ നിർദേശത്തിൽ ഡിഎസി ഉൾപ്പെടുത്തിയിരിക്കുന്നത്.

ഭൂകമ്പ സെൻസറുകളും റിമോട്ട് നിർജ്ജീവമാക്കൽ സവിശേഷതകളും ഉൾക്കൊള്ളുന്ന പുതിയ തലമുറ ആന്റി ടാങ്ക് മൈനുകൾ, വേഗത കുറഞ്ഞതും ചെറുതും താഴ്ന്നു പറക്കുന്നതുമായ ഉപകരണങ്ങൾ കണ്ടെത്തുന്ന റഡാറുകൾ, വെള്ളത്തിനടിയിലൂടെ വരുന്ന ആക്രമണ വസ്തുവിനെ തിരിച്ചറിയാനും നിർവീര്യമാക്കാനും കഴിവുള്ള ടോർപ്പിഡോകൾ തുടങ്ങിയവ ഇതിൽപെടുന്നു. ആകാശത്തുവച്ചു തന്നെ ഇന്ധനം നിറയ്ക്കാൻ സഹായിക്കുന്ന ഫ്ലൈറ്റ് റീഫ്യൂല്ലർ എയർക്രാഫ്റ്റുകൾ വാങ്ങാനും നിർദേശമുണ്ട്.

## കയറ്റുമതി രംഗത്ത് രാജ്യം വലിയ വളർച്ചയിൽ

**കൊച്ചി:** ആഗോള മാന്ദ്യം മറികടന്നും ഇന്ത്യ കയറ്റുമതി രംഗത്ത് മികച്ച വളർച്ച നേടുന്നു. ഉത്പന്ന കയറ്റുമതിയിൽ നടപ്പു സാമ്പത്തിക വർഷത്തിലെ എല്ലാ മാസങ്ങളിലും മികച്ച നേട്ടമുണ്ടാക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞു. കേന്ദ്ര സർക്കാരിൻറെ കണക്കുകളനുസരിച്ച് ജനുവരിയിൽ ഇന്ത്യയുടെ ഇന്ത്യയുടെ ഉത്പന്ന കയറ്റുമതി മുൻവർഷം ഇതേ കാലയളവിനേക്കാൾ 3.1 ശതമാനം ഉയർന്ന് 3,690 കോടി ഡോളറായി.

ചെങ്കടലിലെ ഹൂതി വിമതരുടെ തുടർച്ചയായ ആക്രമണം മൂലം കപ്പലുകളുടെ സഞ്ചാരത്തിനു വിഘാതം നേരിടുന്നതിനിടയിൽ കയറ്റുമതി വർദ്ധിപ്പിക്കാൻ കഴിഞ്ഞതാണ് ഇന്ത്യയുടെ നേട്ടം. കഴിഞ്ഞ രണ്ടു വർഷത്തിനിടെ നാണയപ്പെടുപ്പം നേരിടാൻ അമേരിക്കയും യൂറോപ്പും ജപ്പാനുമടക്കമുള്ള രാജ്യങ്ങളിലെ കേന്ദ്ര ബാങ്കുകൾ തുടർച്ചയായി പലിശ നിരക്ക് ഉയർത്തിയതോടെ ലോകമൊട്ടാകെയുള്ള വിപണികൾ കടുത്ത മാന്ദ്യത്തിലേക്ക് നീങ്ങുകയാണ്.

വിപണിയിലെ പണലഭ്യത കുറഞ്ഞതോടെ ഉപഭോക്താക്കൾ ഉപഭോഗത്തിൽ കുറവു വരുത്തിയതാണ് സാമ്പത്തിക മേഖലയിൽ തളർച്ച സൃഷ്ടിച്ചത്. ഇതോടെ ചെലവു കുറക്കയ്ക്കലിൻറെ ഭാഗമായി വൻകിട റീട്ടെയ്ൽ ഗ്രൂപ്പുകളും മാളുകളും വാങ്ങൽനടപടികൾ മരവിപ്പിക്കുകയാണ്.



എന്നാൽ പശ്ചാത്യ വിപണികളിലെ മാന്ദ്യം മറികടക്കാൻ ഇന്ത്യൻ കമ്പനികൾ ലാറ്റിനമേരിക്ക, ആഫ്രിക്ക, പശ്ചിമേഷ്യ എന്നീ മേഖലകളിൽ നിന്ന് കൂടുതൽ വില്പന നേടിയാണ് മികച്ച മുന്നേറ്റം നടത്തിയത്.

അതേസമയം ഏപ്രിൽ മുതൽ ജനുവരി വരെയുള്ള 10 മാസത്തിനിടെ ഇന്ത്യയിലെ ഉത്പന്ന കയറ്റുമതി മൂല്യം 4.89 ശതമാനം കുറഞ്ഞ് 35,392 കോടി രൂപയിലെത്തി. ജനുവരിയിൽ ഇറക്കുമതി 3 ശതമാനം വർധനയോടെ 5,440 കോടി ഡോളറിലെത്തി. അതേസമയം, ഡിസംബറിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കയറ്റുമതിയിൽ 4 ശതമാനവും ഇറക്കുമതിയിൽ 6 ശതമാനവും ഇടിവുണ്ട്. ജനുവരിയിൽ ഇന്ത്യയുടെ വ്യാപാര കമ്മി 9 മാസത്തെ കുറഞ്ഞ നിരക്കായ 1,750 കോടി ഡോളറിലെത്തി. കയറ്റുമതിയും ഇറക്കുമതിയും തമ്മിലുള്ള വിടവായ വ്യാപാര കമ്മി ഡിസംബറിൽ 1,980 കോടി ഡോളറായിരുന്നു.

ചെങ്കടലിലെ പ്രശ്നങ്ങളും യൂറോപ്പിലെ മാന്ദ്യവും ഉത്പന്ന വിലയിലെ ഇടിവും ഉൾപ്പെടെയുള്ള പ്രതികൂല സാഹചര്യങ്ങൾ മറികടന്ന് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞുവെന്ന് വാണിജ്യ മന്ത്രാലയം സെക്രട്ടറി സുനിൽ ബാർത്വാൾ പറഞ്ഞു.



# ഇന്റർ കോളേജിയേറ്റ് ഫുട്ബോൾ ടൂർണമന്റ്

**കൊച്ചി:** ഫെബ്രുവരി 23,24 തിയ്യതികളിൽ നടക്കുന്ന ഇന്റർ കോളേജിയേറ്റ് സെവൻസ് ഫുട്ബോൾ ടൂർണമെന്റിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. ചാംപ്യൻഷിപ്പ് നേടുന്ന ടീമിന് 25,000 രൂപയും ട്രോഫിയുമാണ് സമ്മാനമായി നൽകുന്നത്. 15,000 രൂപയും ട്രോഫിയുമാണ് റണ്ണർ അപ്പിന് നൽകുക.1500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ആലുവ ചൊവ്വര കെഎംഎം ആർടസ് ആന്റ് സയൻസ് കോളജിലാണ് ടൂർണമെന്റ് നടക്കുന്നത്.കൂടുതൽ വിവരങ്ങൾ 8129341345,9447378579 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

# ഐഎപി: ഭാരവാഹികളുടെ സ്ഥാനാരോഹണം നാളെ

**കൊച്ചി:** ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് കൊച്ചിൻ ബ്രാഞ്ചിന്റെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും 2024 ലെ പ്രവർത്തന പദ്ധതികളുടെ ഉദ്ഘാടനവും നാളെ (ഫെബ്രുവരി 18,ഞായറാഴ്ച) നടക്കും. വൈകിട്ട് ഏഴരയ്ക്ക് കലൂർ ഐ.എം.എ ഹൗസിൽ നടക്കുന്ന സമ്മേളനം മുൻ ഡിജിപിയും കെഎംആർഎൽ എംഡിയുമായ ലോക്നാഥ് ബെഹ്റ ഐപിഎസ് ഉദ്ഘാടനം ചെയ്യും. ഐഎപി കൊച്ചിൻ ബ്രാഞ്ച് പ്രസിഡന്റ് ഡോ.എം.എസ് നൗഷാദ് അധ്യക്ഷത വഹിക്കും. ചൈൽഡ് കെയർ സെന്റർ പ്രവർത്തന റിപ്പോർട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.അബ്രാഹം കെ പോളും, ഐഎപി റിപ്പോർട്ട് സെക്രട്ടറി ഡോ. രേഖ സക്കറിയയും അവതരിപ്പിക്കും. ഐഎപി മുൻ ദേശീയ പ്രസിഡന്റ് ഡോ. സച്ചിദാനന്ദ കമ്മത്ത് കൊച്ചി ബ്രാഞ്ച് പുതിയ പ്രസിഡന്റ് ഡോ.വിവിൻ അബ്രാഹമിന്റെ സ്ഥാനാരോഹണം ചടങ്ങിൽ നിർവ്വഹിക്കും. സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഡോ. അബി മാത്യു നന്ദി പ്രകാശനം നടത്തും.

# വിഷരഹിത പച്ചക്കറികളുമായി കിയോസ്ക്

**തൃശൂർ:**വിഷരഹിത പച്ചക്കറികളും പഴങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടത്തറ കുടുംബശ്രീ സിഡിഎസിന്റെ ആഭിമുഖ്യത്തിൽ എരവിമംഗലത്ത് നേച്ചർ ഫ്രഷ് വെജിറ്റബിൾ കിയോസ്ക്കും മൂർക്കനിക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ പഴം പച്ചക്കറി സംഭരണ വിപണന ചന്തയും പ്രവർത്തനമാരംഭിച്ചു. എരവിമംഗലം സെന്ററിൽ നടന്ന ചടങ്ങിൽ വെജിറ്റബിൾ കിയോസ്ക്കും മൂർക്കനിക്കര സർവ്വീസ് സഹകരണ ബാങ്കിന് സമീപം നടന്ന ചടങ്ങിൽ പഴം പച്ചക്കറി സംഭരണ വിപണന ചന്തയും റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു. വിഷരഹിത പച്ചക്കറികളും പഴങ്ങളും മൂല്യവർദ്ധിത ഉത്പ്പന്നങ്ങളും സാധാരണക്കാരനു ലഭ്യമാക്കാനും കർഷകനു വിറ്റഴിക്കാനുമുള്ള സ്ഥിരം വിപണന കേന്ദ്രമായാണ് കിയോസ്ക് പ്രവർത്തിക്കുക.

കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭിച്ച രണ്ട് ലക്ഷം രൂപ വിനിയോഗിച്ചാണ് നേച്ചർ ഫ്രഷ് എന്നപേരിൽ നടത്തറ കുടുംബശ്രീയുടെ നേതൃത്വത്തിൽകിയോസ്ക്ക് സ്ഥാപിച്ചത്. ജില്ലയിലെ രണ്ടാമത്തെ കിയോസ്ക്കാണ് നടത്തറ കുടുംബശ്രീ സിഡിഎസിന്റെ കീഴിലുള്ളത്. ഉപജീവനം ഉപസമിതി കൺവീനർ വത്സല വേണുവിന്റെ നേതൃത്വത്തിലാണ് കുടുംബശ്രീ കീയോസ്ക്കിന്റെ പ്രവർത്തനം.

എരവിമംഗലത്ത് നടന്ന ചടങ്ങിൽ നടത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീവിദ്യ രാജേഷ് അധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ ഡോ. എ. കവിത പദ്ധതി വിശദീകരണം നടത്തി. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ രവി ആദ്യ വിൽപ്പന നടത്തി. ജില്ലാ പഞ്ചായത്ത് അംഗം കെ.വി സജു മുഖ്യാതിഥിയായിരുന്നു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.ആർ രജിത്ത്, സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, സി ഡി എസ് അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

ജനോപകാരപ്രദമായ ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന മൂർക്കനിക്കര സർവീസ് സഹകരണ സംഘം നേതൃത്വത്തിലും കാർഷിക കർമ്മ സേന സഹകരണത്തിലും നടത്തിയിരുന്ന പഴം പച്ചക്കറി സംഭരണ വിപണന ചന്ത വിപുലീകരിക്കുന്നതിന്റെ ഭാഗമായാണ് കിയോസ്ക് ആരംഭിച്ചത്. സർവീസ് സഹകരണ ബാങ്ക് വൈസ് പ്രസിഡണ്ട് സത്യൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.



# ഉജ്ജീവനി സ്മോൾ ഫിനാൻസ് പുതിയ ശാഖാ കൊല്ലത്ത്

**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് ('ഉജ്ജിവൻ എസ്എഫ്ബി'/'ബാങ്ക്') അതിന്റെ ശാഖ കൊല്ലത്ത് ആരംഭിച്ചു. ഡിജിറ്റൽ ബാങ്കിങ്ങിന് മുൻഗണന നൽകുകയും വരുമാന മാർഗ്ഗങ്ങൾ വൈവിധ്യവത്കരിക്കുകയും ചെയ്യുമ്പോൾ വൈവിധ്യവും സുസ്ഥിരവുമായ ഉപഭോക്തൃ അടിത്തറ കെട്ടിപ്പടുക്കുകയാണ് ബാങ്ക് ലക്ഷ്യമിടുന്നത്. കേരളത്തിൽ നിലവിലുള്ള 20 ശാഖകളിലൂടെ ഉജ്ജീവൻ എസ്എഫ്ബി 1.75 ലക്ഷം ഉപഭോക്താക്കൾക്ക് സേവനം നൽകുന്നു. ഉജ്ജീവന് എസ്എഫ്ബി അതിന്റെ വിപുലമായ ശാഖകളിലൂടെയും ഡിജിറ്റൽ നെറ്റ്വർക്കുകളിലൂടെയും ആകർഷകമായ പലിശ നിരക്കിൽ ടേം ഡെപ്പോസിറ്റുകൾ വാഗ്ദാനം ചെയ്യുന്നു. സാധാരണ, ചഞ്ചല, ചഞ്ചല ഉപഭോക്താക്കൾക്ക് 8.25%, മുതിർന്ന പൗരന്മാർക്ക് 8.75% എന്നിങ്ങനെയുള്ള ഏറ്റവും ഉയർന്ന സ്ഥിര നിക്ഷേപ പലിശ നിരക്കുകളിലൊന്ന് ബാങ്ക് 12 മാസവും 80 ആഴ്ചയും (560 ദിവസം) കാലാവധി നൽകുന്നു. നോൺകോൾ ചെയ്യാനാവാത്ത പ്ലാറ്റിന എഫ്ഡി അതേ കാലയളവിൽ 8.45% ആണ്.ഞങ്ങളുടെ ശാഖ കേരളത്തിലെ കൊല്ലത്ത് ആരംഭിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്ന് ഉജ്ജീവന് സ്മോൾ ഫിനാൻസ് ബാങ്കിന്റെ എംഡിയും സിഇഒയുമായ ഇട്ടിര ഡേവിസ് പറഞ്ഞു.ഞങ്ങളുടെ വ്യക്തിഗതമാക്കിയ ബാങ്കിംഗ് ഉൽപ്പന്നങ്ങളും സേവനങ്ങളും മത്സരാധിഷ്ഠിത പലിശ നിരക്കുകൾ ഉൾപ്പെടെയുള്ള സേവിംഗ്സ്, നിക്ഷേപങ്ങൾ, ഈ മേഖലയിൽ നല്ല സ്വാധീനം ചെലുത്താൻ ലക്ഷ്യമിടുന്നു. ഞങ്ങളുടെ വളരുന്ന ശൃംഖലയിലൂടെ സമഗ്രമായ ബാങ്കിംഗ് സേവനങ്ങൾ നൽകാനും ഞങ്ങളുടെ സ്ഥാനം ദൃഢമാക്കാനുമുള്ള ഞങ്ങളുടെ പ്രതിബദ്ധതയാണ് ഈ ശാഖാ സമാരംഭം പ്രതിഫലിപ്പിക്കുന്നതെന്നും ഇട്ടിര ഡേവിസ് പറഞ്ഞു.

# കുടുംബവിശുദ്ധികരണം അമ്മമാരിലൂടെ: മാർ റെമിജിയോസ് ഇഞ്ചനാനിയിൽ



**കാക്കനാട്:** അമ്മമാരിലൂടെ കുടുംബങ്ങൾ വിശുദ്ധീകരിക്കപ്പെടണമെന്ന് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ. സീറോമലബാർ മാതൃവേദിയുടെ ഗ്ലോബൽ സമ്മേളനം താമരശ്ശേരി രൂപതയുടെ കോഴിക്കോടുള്ള PMOC പാസ്റ്ററൽ സെന്ററിൽവച്ച് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മാതാക്കൾ സഭയുടെ ശക്തിയാണെന്നും അവരുടെ പ്രാർത്ഥനയും പ്രവർത്തനവും സഭയുടെ വളർച്ചയ്ക്ക് ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഗ്ലോബൽ മാതൃവേദിയുടെ ബിഷപ്പ് ഡെലഗേറ്റും കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനുമായ മാർ ജോസ് പുളിക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. പ്രസിഡന്റ് ബീന ജോഷി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കൽ. സി. ജീസാ സി.എം.സി., ആൻസി ചേന്നോത്ത്, സൗമ്യ സേവ്യർ എന്നിവർ പ്രസംഗിച്ചു.
സംസ്ഥാനതലത്തിൽ എൻ.എസ്.എസ്സിന്റെ മികച്ച പ്രോഗ്രാം കോർഡിനേറ്റർക്കുള്ള അവാർഡ് നേടിയ സോളി തോമാസിനെയും മികച്ച സാമൂഹ്യപ്രവർത്തകയ്ക്കുള്ള നന്മ അവാർഡ് നേടിയ ആഗ്നസ് ബേബിയേയും സമ്മേളനത്തിൽ ആദരിച്ചു.

രണ്ടുദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിൽ റവ. ഫാ. മാത്യു തൂമുള്ളിൽ 'ഉത്തമ ക്രിസ്ത്യാനിയെ വാർത്തെടുക്കുന്നതിൽ അമ്മമാർക്കുള്ള പങ്ക്' എന്ന വിഷയത്തിലും, ഡോ. ചാക്കോ കാളാംപറമ്പിൽ 'ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വം കുടുംബത്തിലും സഭയിലും സമുദായത്തിലും' എന്ന വിഷയത്തെക്കുറിച്ചും ക്ലാസുകൾ നൽകി.

സീറോമലബാർ സഭയുടെ 23 രൂപതകളിൽനിന്നായി 135 അമ്മമാരും രൂപത ഡയറക്ടർമാരും ആനിമേറ്റേഴ്സുമാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്.



# ദുബായ് സന്ദർശകർക്ക് രുചി വൈവിധ്യങ്ങളുമായി സ്പെഷ്യാലിറ്റി റെസ്റ്റോറന്റുകൾ

**ദുബായ്:** ദുബായ് സന്ദർശകർക്ക് രുചിവൈവിധ്യങ്ങൾ ഒരുക്കി വിവിധ സ്പെഷ്യാലിറ്റി റെസ്റ്റോറന്റുകൾ. ബിസിനസ്സ്, വിനോദം, സാംസ്കാരിക വിനിമയം എന്നിവയുടെ കേന്ദ്രമായി ഉയർന്നുവരുന്ന ദുബായിയെ നഗരത്തിനെ പാചക ഭൂപ്രകൃതി വൈവിധ്യവും കോസ്മോപൊളിറ്റൻ മനോഭാവവും കൊണ്ട് വ്യത്യസ്തമാക്കുവാൻ അവിടത്തെ സ്പെഷ്യാലിറ്റി റെസ്റ്റോറന്റുകൾ ഒരുങ്ങിക്കഴിഞ്ഞു.ഇന്ത്യയെ അതിന്റെ സംസ്കാരം, ആഘോഷങ്ങൾ, പാരമ്പര്യങ്ങൾ, ആതിഥ്യം, ആതിഥ്യം എന്നിവയിലൂടെ അനുഭവിക്കുന്നതിനുള്ള ഒരു യാത്രയായ കഷ്കൻ, സെലിബ്രിറ്റി ഷെഫ് രൺവീർ ബ്രാർ ക്യൂറേറ്റ് ചെയ്ത ഒരു പാചക ഒഡീസിയാണ്. കശ്മീർ മുതൽ കന്യാകുമാരി വരെയും നോർത്ത് ഈസ്റ്റ് മുതൽ ഗുജറാത്ത് വരെയുമുള്ള വിവിധ രുചി വൈവിധ്യങ്ങൾ ഇവിടെ സന്ദർശകർക്ക് രുചിച്ചറിയാം.

ദുബായിലെ ഏറ്റവും മികച്ച ലൈഫ്സ്റ്റൈൽ ബോട്ടിക് ഹോട്ടലുകളിലൊന്നായ സബീൽ ഹൗസ് ദി ഗ്രീൻസിൽ സ്ഥിതി ചെയ്യുന്ന 42 മിഡ്ടൗൺ, ന്യൂയോർക്കിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ഒരു റെസ്റ്റോറന്റാണ്. ആർട്ട് ഡെക്കോ ശൈലിയിലുള്ള സ്പെയ്സിൽ അടുപ്പമുള്ള ഡൈനിംഗ് ബൂത്തുകൾ, വളരെ രസകരമായ ബാർ, വർഷം മുഴുവനും തുറന്നിരിക്കുന്ന ടെറസ് എന്നിവ ഇവിടെ ഉണ്ട്. 42 മിഡ്ടൗണിന്റെ ഹൃദയഭാഗത്ത് ഹീറോ വുഡ്ഫയർ ഓവൻ സങ്കീർണ്ണമായ സ്മോക്കി നോട്ടുകളുള്ള ഷെഫ് ഫാബ്രിസിയോ വെർമിഗ്ലിയോ ഒരുക്കിയ ക്ലാസിക് വിഭവങ്ങളുടെ ഒരു മെനു നൽകുന്നു.എമിറേറ്റ്സിലെ കെമ്പിൻസ്കി മാളിനുള്ളിൽ സ്ഥിതിചെയ്യുന്ന യൂജിൻ യൂജിൻ, ഫ്രാൻസിലെ ഹരിതഗൃഹങ്ങളിൽ നിന്നും മാർക്കറ്റ് ഹാളുകളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ഒരു മാന്ത്രിക ഗാർഡൻപ്രചോദിത വേദിയാണ്. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ തുറന്ന യൂജിൻ യൂജിനിൽ ദുബായിലെ ചില മുൻനിര റെസ്റ്റോറന്റുകൾക്ക് പിന്നിലുള്ള പ്രധാന ഷെഫ് യാന്നിസ് സ്ഗാർഡിനെ ാപ്പം ഷെഫ് ഗില്ലെസ് ബോസ്ക്വെറ്റ് വിഭാവനം ചെയ്ത ഒരു ക്രിയേറ്റീവ് മെനുവാണ് ഉപയോഗിക്കുന്നത്.

ലണ്ടനിലെ മെയ്ഫെയറിൽ നിന്നുള്ള നോർത്ത് ഓഡ്ലി കാന്റീൻ, 2023 ഡിസംബറിൽ പാരീസിയൻ ബിസ്ട്രോ ശൈലിയിലുള്ള പാചകരീതിയുമായി അൽ സഫ 1ൽ തുറന്നു. ആധുനിക റെസ്റ്റോറന്റിൽ വാരാന്ത്യ ബ്രഞ്ച് മെനുവിൽ നിന്ന് സാതാറും ഫെറ്റയും ഉള്ള പ്രിയങ്കരങ്ങൾ ഒരുക്കിയിട്ടുണ്ട്. സോഹോയിൽ ആരംഭിച്ചതും ബോറോ മാർക്കറ്റിൽ മറ്റൊരു സ്ഥലമുള്ളതുമായ ബെറെൻജാക്ക് റെസ്റ്റോറന്റ് 2023 നവംബറിൽ ജുമൈറയുടെ ഹൃദയഭാഗത്തുള്ള ഡാർ വാസ്ല്! മാളിൽ അതിന്റെ ആദ്യത്തെ ദുബായ് ലൊക്കേഷൻ തുറന്നു. ക്ലാസിക്കൽ പേർഷ്യൻ പാറ്റേണുകളുടെയും തുണിത്തരങ്ങളുടെയും മിശ്രിതമാണ് റെസ്റ്റോറന്റിന്റെ പ്രത്യേകത. ദുബൈ മെനുവിൽ ലണ്ടനിൽ നിന്നുള്ള ബെറെഞ്ചാക്കിന്റെ ഏറ്റവും പ്രശസ്തമായ വിഭവങ്ങൾ ഉൾപ്പെടുന്നു, അതിൽ ബ്ലാക്ക് ചിക്ക്പീ ഹമ്മസ്, കാഷ്ക് ഇ ബാഡെംജൂൺ, ബെറെൻജാക്കിന്റെ ജനപ്രിയ ജൂജെ കബാബ്, കബാബ് കൂബിഡെ എന്നിവയുൾപ്പെടെ കൽക്കരിയിൽ പാകം ചെയ്ത കബാബുകൾ ഉൾപ്പെടുന്നു.

# ലുലു ഫ്ലവർ ഫെസ്റ്റിന് വർണാഭമായ തുടക്കം

**കൊച്ചി :** പ്രകൃതിസൗന്ദര്യത്തിന്റെ നേർചിത്രമായി മാറി ലുലു ഫ്ലവർ ഫെസ്റ്റ് തുടങ്ങി. നടൻ കൈലാഷ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു.




പുഷ്പഫലസസ്യങ്ങളുടെ വൈവിധ്യമാർന്ന മേളയാണ് ഫെസ്റ്റിലുള്ളത്. ഇൻഡോർഔട്ട്ഡോർ ഗാർഡനിംഗിനടക്കം അനുയോജ്യമായ സസ്യങ്ങൾ, വായു ശുദ്ധീകരിക്കുന്ന സസ്യങ്ങൾ, വിദേശസസ്യങ്ങൾ അടക്കം പല വർണങ്ങളിലും ഗുണമേന്മയിലും മുന്നിട്ടുനിൽക്കുന്ന പുഷ്പങ്ങളും ഫെസ്റ്റിന്റെ ഭാഗമായുണ്ട്. ഫെബ്രുവരി 18 വരെയാണ് വർണ്ണശബളമായ ഈ ഇവന്റ്.മനോഹരമായ ഡിസ്പ്ലേകളും ഇൻസ്റ്റാളേഷനുകളുമാണ് മാളിൽ ഒരുക്കിയിരിക്കുന്നത്. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നഴ്സറികൾ, ഹോർട്ടികൾച്ചറിസ്റ്റുകൾ, വിദഗ്ദ്ധർ , എന്നിവരെ ഒരുകുടകീഴിൽ കൊണ്ടുവരുന്ന ലുലു ഫ്ലവർ ഫെസ്റ്റ്, വസന്തകാലത്തിന്റെ ആഘോഷമാണ്. ആകർഷകമായ കലാപരിപാടികളും വർക്ക്ഷോപ്പുകളും ഫെസ്റ്റിന്റെ ഭാഗമായുണ്ട്. ഉദ്യാനപരിപാലന രംഗത്തെ വിദഗ്ധരുമായുള്ള അഭിമുഖങ്ങൾ, പുഷ്പക്രമീകരണ ക്ലാസുകൾ അടക്കം ഒരുക്കിയിട്ടുണ്ട്. കൂടാതെ, പൂർണ്ണമായും പൂക്കൾ കൊണ്ട് നിർമ്മിച്ച ആകർഷകമായ വസ്ത്രങ്ങളിൽ കുട്ടികൾ അവതരിപ്പിക്കുന്ന 'ലുലു ലിറ്റിൽ പ്രിൻസ് ആന്റ് പ്രിൻസസ്സ്' എന്ന ഫാഷൻ ഷോയും ലുലു ഫ്ലവർ ഫെസ്റ്റിൽ വർണകാഴ്ച സമ്മാനിക്കും.

# ഗോദാവരി ഇലക്ട്രിക് മോട്ടോഴ്സിന്റെ റോഡ് ഷോ തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** രാജ്യത്തെ പ്രമുഖ ഇലക്ട്രിക് വാഹന നിർമ്മാതാക്കളായ ഗോദാവരി ഇലക്ട്രിക് മോട്ടോഴ്സ് ഇന്ത്യയിലുടനീളം നടത്തുന്ന റോഡ് ഷോയ്ക്ക് തിരുവനന്തപുരവും വേദിയാകുന്നു. പള്ളിച്ചൽ ജംഗ്ഷനിലുള്ള ഇൻസ്പയർ ഇ മോട്ടോഴ്സിൽ ഈ മാസം 16 മുതൽ 18 വരെ കമ്പനിയുടെ അത്യാധുനിക വൈദ്യുത വാഹനങ്ങൾ പ്രദർശിപ്പിക്കും.

കമ്പനിയുടെ മുൻനിര മോഡലുകളായ എബ്ലു റോസീ (ഇഓട്ടോ എൽ 5 എം), എബ്ലൂ റീനോ (ഇലോഡർ), എബ്ലൂ സ്പിൻ, എബ്ലൂ ത്രിൽ (ഇസൈക്കിൾ നിര) എന്നിവ നേരിട്ട് കാണാൻ പൊതുജനങ്ങൾക്ക് അവസരമുണ്ടാകും.ഒരു മാസം നീണ്ടു നിൽക്കുന്ന റോഡ് ഷോ വിലാസ്പൂർ, വിജയവാഡ, ന്യൂഡൽഹി, നോയിഡ, ഫരീദാബാദ്, ഗുരുഗ്രാം, ജയ്പൂർ, ഡെറാഡൂൺ, ലുധിയാന, ജമ്മു, കൊൽക്കത്ത, ഭുവനേശ്വർ, ജംഷഡ്പൂർ, പാറ്റ്ന, പൂനെ, നാസിക്, അഹമദാബാദ്, ഇൻഡോർ, ഭോപ്പാൽ, ജബൽപൂർ, ബംഗലൂരു, കോയമ്പത്തൂർ എന്നീ നഗരങ്ങൾക്ക് പുറമെയാണ് തിരുവനന്തപുരത്തും എത്തുന്നത്. 2019ൽ തുടങ്ങിയ കമ്പനിക്ക് നിലവിൽ രാജ്യത്താകെ 50 ഡീലർഷിപ്പുകളുണ്ട്. അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ കൂടുതൽ പ്രദേശങ്ങളിൽ സാന്നിധ്യമുറപ്പിക്കും. പ്രധാന നഗരങ്ങൾക്ക് പുറത്തും കൂടുതൽ ഇന്ധനക്ഷമതയും സാങ്കേതിക മികവുമുള്ള ഇലക്ട്രിക് വാഹനങ്ങൾ ലഭ്യമാക്കുകയാണ് കമ്പനിയുടെ ലക്ഷ്യമെന്ന് സിഇഒ ഹൈദർ ഖാൻ പറഞ്ഞു.

# ആറ്റുകാൽ പൊങ്കാല: 2.48 കോടി അനുവദിച്ചു

**തിരുവനന്തപുരം:** ഫെബ്രുവരി 26 വരെ നടക്കുന്ന ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് വിവിധ വകുപ്പുകൾ അടിയന്തരമായി പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും2.48 കോടി (2,47,98,041) രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയതായി പൊതു വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഫെബ്രുവരി 25 നാണ് ആറ്റുകാൽ പൊങ്കാല. പൊങ്കാലയോടനുബന്ധിച്ച് റോഡുകളുടെ അറ്റകുറ്റപ്പണികൾ സ്വീവർ ലൈനുകളുടെ ക്ലീനിംഗ് എന്നീ പ്രവർത്തികൾ ബന്ധപ്പെട്ട വകുപ്പുകളുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. പി.ഡബ്ല്യു.ഡി റോഡ്സ് വിഭാഗത്തിനുള്ള ആകെ 11 റോഡുകളിൽ ഏഴ് റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായി. ബാക്കി അറ്റകുറ്റ പണികൾ പുരോഗമിക്കുകയാണ്.

കെ.ആർ.എഫ്.ബിയുടെ 29 റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി. ഒരു റോഡ് ഫെബ്രുവരി 22നകം പൂർത്തിയാക്കും. ബാക്കിയുള്ളവ പൊങ്കാലയ്ക്കു വേണ്ടി അനുയോജ്യമാക്കും. സ്മാർട്ട് സിറ്റി 28 റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. അഞ്ച് റോഡുകൾ ഫെബ്രുവരി 22നകം പൂർത്തിയാക്കും. സ്മാർട്ട് സിറ്റി, കെ.ആർ.എഫ്. ബി എന്നിവയുടെ പണിപൂർത്തിയാക്കാനുള്ള റോഡുകളിൽ സബ് കളക്ടറും പോലീസും ചേർന്ന് സംയുക്ത പരിശോധന നടത്തി പൊങ്കാലയ്ക്ക് അനുയോജ്യമാകാത്തവ ബാരിക്കേഡുകൾ സ്ഥാപിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്തും.

പൊങ്കാലയോടനുബന്ധിച്ച് പോലീസ് വ്യക്തമായ ഗതാഗത പ്ലാനുകളും പാർക്കിംഗ് പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്. ഭക്തരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 1000 വനിതാ പോലീസ് ഉൾപ്പടെ 4120 പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കും. പോലീസ്, ഫയർ ഫോഴ്സ്, എക്സൈസ് എന്നീ വകുപ്പുകൾ ഭക്തജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾ, പൊങ്കാലയോടനുബന്ധിച്ചുള്ള ശുചീകരണ പ്രവർത്തനങ്ങൾ, തെരുവു നായ്ക്കളെ ക്ഷേത്രപരിസരത്തു നിന്നും മാറ്റി പുനരധിവസിപ്പിക്കുന്ന നടപടികൾ എന്നിവ നഗരസഭയിൽ നിന്നും പൂർത്തിയാക്കും. തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്രകാശിപ്പിക്കുന്നതിനും വൈദ്യുത വിതരണം തടസ്സമില്ലാതെ തുടരുന്നതിനു വേണ്ട നടപടികൾ കെ.എസ്.ഇ.ബി സ്വീകരിച്ചിട്ടുണ്ട്. ഉത്സവാരംഭം മുതൽ ആംബുലൻസ് ഉൾപ്പെടെയുള്ള മെഡിക്കൽ ടീമിന്റെ സേവനം ജില്ലാ മെഡിക്കൽ ഓഫീസർ ഉറപ്പു വരുത്തിയിട്ടുണ്ട്. കൂടാതെ കുത്തിയോട്ട കുട്ടികൾക്കായി 24 മണിക്കൂറും പീഡിയാട്രീഷ്യൻ ഉൾപ്പെട്ട മെഡിക്കൽ ടീം ക്ഷേത്രത്തിൽ ക്യാമ്പ് ചെയ്യുന്നതുമാണ്.

പബ്ലിക് ടാപ്പുകളിൽ 24 മണിക്കൂറും ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും പൊങ്കാല ദിവസം ക്ഷേത്ര പരിസരത്ത് ടാപ്പുകളും ഷവറുകളും സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇത് ഫെബ്രുവരി 23 നകം പൂർത്തിയാക്കും.റവന്യൂ, പോലീസ്, ഫയർ ഫോഴ്സ്, എക്സൈസ്, കെ.എസ്.ആർ.ടി.സി, വാട്ടർ അതോറിറ്റി, ഫുഡ് സേഫ്റ്റി, നഗരസഭ എന്നീ വകുപ്പുകളുടെ കൺട്രോൾ റൂമുകൾ ക്ഷേത്രപരിസരത്ത് ഉണ്ടായിരിക്കും. കെ.എസ്.ആർ.ടി.സി തമ്പാനൂർ നിന്നും കിഴക്കേക്കോട്ടയിൽ നിന്നും ക്ഷേത്രത്തിലേക്കും തിരിച്ചും ബസ് സർവീസ് നടത്തും. മുന്നൂറോളം ബസുകളാണ് പൊങ്കാല ദിവസം സജ്ജീകരിച്ചിട്ടുള്ളത്.

# സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ്: ആദ്യ സീസൺ ഫൈനലിന് ബെംഗളൂരു ആതിഥേയത്വം വഹിക്കും

**കൊച്ചി:** ഇന്ത്യയിലെ ആദ്യത്തെ ഫ്രാഞ്ചൈസി അധിഷ്ഠിത സൂപ്പർക്രോസ് ലീഗായ സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗിന്റെ ഒന്നാം സീസൺ ഫൈനൽ റേസ് ബെംഗളൂരുവിൽ നടക്കും. നേരത്തെ ഡൽഹിയിൽ നടത്താൻ നിശ്ചയിച്ചിരുന്ന മത്സരമാണ് ബെംഗളൂരുവിലേക്ക് മാറ്റിയത്. 2024 ഫെബ്രുവരി 25ന് നിശ്ചയിച്ചിരിക്കുന്ന ഫൈനൽ റേസ് ബെംഗളൂരിലെ റേസിങ് ആരാധകർക്ക് ഏറെ ആവേശം പകരും.

അപ്രതീക്ഷിതമായ സാഹചര്യങ്ങൾ കാരണമാണ് വേദി മാറ്റമെന്നും, സീസൺ ഫൈനൽ തടസങ്ങളില്ലാതെ നടക്കുമെന്ന് ഉറപ്പാക്കാനും, ലീഗിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാവരുടെയും സുരക്ഷയ്ക്ക് മുൻഗണന നല്കാനുമാണ് ഈ തീരുമാനമെന്നും സംഘാടകർ അറിയിച്ചു. ബെംഗളൂരിലെ ഫീനിക്സ് മാള് ഓഫ് ഏഷ്യക്ക് എതിർ വശമുള്ള പ്രശസ്തമായ ബയ്യത്തരായണപുര എപഎംസി ഗ്രൗണ്ടൺൺിലായിരിക്കും സീസണിന്റെ ആവേശകരമായ ഫൈനൽ റേസ് അരങ്ങേറുക.ആദ്യ സീസണ് ഫൈനലിനെ ചുറ്റിപ്പറ്റിയുള്ള കാത്തിരിപ്പ് തങ്ങൾ അംഗീകരിക്കുന്നതോടൊപ്പം, ഈ പുനക്രമീകരണം മൂലമുണ്ടൺൺായ എന്തെങ്കിലും അസൗകര്യത്തിൽ തങ്ങൾ ക്ഷമാപണം നടത്തുകയും ചെയ്യുന്നതായി സൂപ്പർക്രോസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടറും സഹസ്ഥാപകനുമായ വീർ പട്ടേൽ പറഞ്ഞു.




# ജേണലിസ്റ്റ് ക്രിക്കറ്റ്:എറണാകുളം പ്രസ് ക്ലബ് ടീം ജേഴ്സി പ്രകാശനം ചെയ്തു

**കൊച്ചി:** ജെ.സി.എലിൽ (ജേണലിസ്റ്റ് ക്രിക്കറ്റ് ലീഗ്) മത്സരിക്കുന്ന എറണാകുളം പ്രസ് ക്ലബ് ടീമിന്റെ പ്രഖ്യാപനവും ജേഴ്സി പ്രകാശനവും പ്രസ് ക്ലബ്ബിൽ നടത്തി.ജേഴ്സി അവതരണവും ടീം പ്രഖ്യാപനവും (കൊച്ചിൻ ഹീറോസ്) മുൻ ഇന്ത്യൻ ക്രിക്കറ്റർ ടിനു യോഹന്നാൻ നിർവഹിച്ചു. ചടങ്ങിൽ ഡി.എൻ.എഫ്.ടി എക്സിക്യൂട്ടിവ് ഡയറക്ടർ മാത്യു ചെറിയാൻ സന്നിഹിതനായിരുന്നു. പ്രസ് ക്ലബ് പ്രസിഡന്റ് എം.ആർ. ഹരികുമാർ അധ്യക്ഷത വഹിച്ചു. കെ.യു.ഡബ്ല്യൂ.ജെ സംസ്ഥാന വൈസ് പ്രസിഡന്റ് സീമ മോഹൻലാൽ ആശംസ നേർന്നു. പ്രസ് ക്ലബ് സെക്രട്ടറി എം. സൂഫി മുഹമ്മദ് സ്വാഗതവും ടീം ക്യാപ്റ്റൻ അനിൽ സച്ചു നന്ദിയും പറഞ്ഞു. ഈ മാസം 19 മുതൽ 21 വരെ തിരുവനന്തപുരത്താണ് ജെ.സി.എൽ നടക്കുന്നത്.

# അനുസ്മരണ പ്രഭാഷണം ഫെബ്രുവരി 20ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സംസ്കൃതം ന്യായ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഡ്വാൻസ്ഡ് സ്റ്റഡി സെന്റർ ഫോർ ഇന്ത്യൻ ജൂറിസ്പൂഡൻസിന്റെ ആഭിമുഖ്യത്തിൽ മുൻ ചീഫ് ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ മെമ്മോറിയൽ എൻഡോവ്മെന്റും അനുസ്മരണ പ്രഭാഷണവും സംഘടിപ്പിക്കുന്നു.

ഫെബ്രുവരി 20ന് കാലടി മുഖ്യക്യാമ്പസിലെ അക്കാദമിക് ബ്ലോക്ക് ഒന്നിലെ സെമിനാർ ഹാളിൽ രാവിലെ 10.30ന് ആരംഭിക്കുന്ന സമ്മേളനത്തിൽ മുൻ വൈസ് ചാൻസലർ ഡോ. എം. സി. ദിലീപ്കുമാർ അനുസ്മരണ പ്രഭാഷണം നടത്തും. മുൻ ചീഫ് ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണന്റെ ഭാര്യ മീര ബെൻ എൻഡോവ്മെന്റും രേഖകളും വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണന് കൈമാറും. പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി ആമുഖപ്രഭാഷണം നിർവ്വഹിക്കും. വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ അധ്യക്ഷനായിരിക്കും. സർവ്വകലാശാല സ്റ്റാൻഡിംഗ് കോൺസൽ അഡ്വ. ദിനേശ് മാത്യു മുരിക്കൻ, മുൻ സ്റ്റാൻഡിംഗ് കോൺസൽ അഡ്വ. അരുൺ ബി. വർഗീസ്, രജിസ്ട്രാർ ഡോ. പി. ഉണ്ണകൃഷ്ണൻ, അഡ്വാൻസ്ഡ് സ്റ്റഡി സെന്റർ ഫോർ ഇന്ത്യൻ ജൂറിസ്പൂഡൻസ് കോഓർഡിനേറ്റർ ഡോ. വി. കെ. ഭവാനി, ഡോ. കെ. ജി. കുമാരി എന്നിവർ പ്രസംഗിക്കും.



# സംസ്കൃത സർവ്വകലാശാലയിൽ ദേശീയ വാക്യാർത്ഥസഭ ആരംഭിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സംസ്കൃതം വ്യാകരണവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മേൽപുത്തൂർ നാരായണഭട്ട ദേശീയ വാക്യാർത്ഥസഭ കാലടി മുഖ്യ ക്യാമ്പസിൽ ആരംഭിച്ചു. പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി വാക്യാർത്ഥ സഭയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. സംസ്കൃതം വ്യാകരണം വിഭാഗം മേധാവി ഡോ. കെ. യമുന അദ്ധ്യക്ഷയായിരുന്നു. ഒ. കെ. മുൻഷി പുരസ്കാരം നേടിയ സംസ്കൃതം വ്യാകരണം വിഭാഗം ഡീൻ ഡോ. പി. നാരായണൻ നമ്പൂതിരിയെ ആദരിച്ചു. പ്രൊഫ. വി. ആർ. മുരളീധരൻ മേൽപുത്തൂർ നാരായണഭട്ട സ്മാരക പ്രഭാഷണം നടത്തി. സിൻഡിക്കേറ്റ് അംഗം ഡോ. എം. മണിമോഹനൻ, ഡോ. കെ. എസ്. ജിനിത, ഡോ. ടി. എസ്. രതി എന്നിവർ പ്രസംഗിച്ചു. വാക്യാർത്ഥസഭ 17ന് സമാപിക്കും.

# പുതിയ പങ്കാളിത്തവുമായി നാഷണൽ സ്കിൽ ഡെവല്പമെന്റ് കോർപറേഷൻ

**കൊച്ചി:** പ്രശസ്ത ബഹുരാഷ്ട്ര സ്ഥാപനങ്ങൾ, വ്യവസായ ഭീമന്മാർ, മുൻനിര വിഭ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി 15 സ്ഥാപനങ്ങളുമായി പങ്കാളിത്തം പ്രഖ്യാപിച്ച് കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ സ്കിൽ ഡെവല്പമെന്റ് കോർപറേഷൻ (എൻ.എസ്.ഡി.സി).'അമൃത് പീഥി' എന്ന ഗോൾഡൻ തലമുറയെ വാർത്തെടുക്കന്നതിലാണ് ഈ പങ്കാളിത്തങ്ങളെല്ലാം ഊന്നൽ നൽകുന്നത്.

ഫ്ളിപ്കാർട്ട്, ടീംലീസ്, ഇൻഫോസിസ്, ഐഐടി ഗുവാഹത്തി, ലോജിക്നോട്സ്, ടൈംസ് പ്രൊ, ബിസിജി, ഗൂഗിൾ, അപ്ഗ്രാഡ്, അൺസ്റ്റോപ്പ്, മൈക്രോസോഫ്റ്റ്, എം3എം ഫൗണ്ടേഷൻ, റിലയൻസ് ഫൗണ്ടേഷൻ, യെസ് ഫൗണ്ടേഷൻ, യുപിഎസ്, ടീം ലീസ് എഡ്ടെക് എന്നീ സ്ഥാപനങ്ങളുമായാണ് എൻ.എസ്.ഡി.സി കൈകോർത്തിരിക്കുന്നത്.കേന്ദ്ര വിദ്യാഭ്യാസ, നൈപുണ്യ വികസന, സംരംഭകത്വ വകുപ്പ് മന്ത്രി ധർമേന്ദ്ര പ്രധാൻ, എംഎസ്ഡിഇ സെക്രട്ടറി അതുൽ കുമാർ തിവാരി, എൻസിവിഇടി ചെയർപേഴ്സൺ ഡോ. നിർമൽജീത് സിംഗ് കൽസി, ഡയറക്ടർ ജനറൽ (ട്രെയിനിംഗ്) ശ്രീമതി ത്രിഷൽജിത് സേതി, എൻ.എസ്.ഡി.സി സിഇഒ വേദ് മണി തിവാരി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഈ പങ്കാളിത്തത്തിലൂടെ ഇന്ത്യൻ യുവതയ്ക്ക് എല്ലാ വ്യവസായ മേഖലകളിലും പ്രബലരാകുവാനും അതിലൂടെ തൊഴിൽ സാധ്യതകൾ വിപുലമാക്കുവാനും സാധിക്കും. വിദ്യാഭ്യാസ മേഖലയെയും നൈപുണ്യ സംവിധാനത്തെയും പരിപോഷിക്കുന്നതിനുമായി ഡിജിറ്റൽ ഇക്കോണമി കെട്ടിപ്പടുക്കുന്നതിനും, സ്വകാര്യ പൊതു പങ്കാളിത്ത രീതി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ജി20 ഫ്രെയിം വർക്കിനോടാനുപാതികമായ ലക്ഷ്യങ്ങളാണ് എൻഎസ്എസ്ഡിസിയുടെ പങ്കാളിത്തങ്ങളും മുന്നോട്ടുവെക്കുന്നത്.

# റുപേ പ്രൈം വോളിബോൾ ലീഗ്: കൊച്ചിയെ വീഴ്ത്തി കാലിക്കറ്റ് ഹീറോസ്

**ചെന്നൈ:** റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23 രണ്ടാം സീസണിൽ കാലിക്കറ്റ് ഹീറോസിന് തകർപ്പൻ ജയം. കൊച്ചി ബ്ലൂ സ്പൈക്കേഴ്സുമായുള്ള സീസണിലെ ആദ്യ മത്സരത്തിൽ 31നാണ് ഹീറോസിന്റെ വിജയം. സ്കോർ 158, 1512, 1215, 1512. ആദ്യ സെറ്റ് അനായാസം നേടിയ കാലിക്കറ്റ് ഹീറോസ്, രണ്ടാം സെറ്റിലും തങ്ങളുടെ ആധിപത്യം തുടർന്നു. എന്നാൽ കൊച്ചി അനായാസം കീഴടങ്ങാൻ ഒരുക്കമായിരുന്നില്ല. മൂന്നാം സെറ്റിൽ സ്പൈക്കേഴ്സ് തിരിച്ചടിച്ചു, 1512ന് സെറ്റ് നേടി കളി നീട്ടി. നാലാം സെറ്റിൽ ഇരു ടീമുകളുടെയും ഇഞ്ചോടിഞ്ച് പോരാട്ടമായിരുന്നു. ഹീറോസ് മാച്ച് പോയിന്റിൽ നിൽക്കേ കൊച്ചി തുടർച്ചയായ രണ്ടു പോയിന്റുകൾ നേടിയെങ്കിലും, ക്യാപ്റ്റൻ ജെറോമിന്റെ സ്പൈക്കിലൂടെ കാലിക്കറ്റ് 1512ന് സെറ്റും ജയവും സ്വന്തമാക്കി.

വെള്ളിയാഴ്ച നടന്ന ആദ്യ മത്സരത്തിൽ മുംബൈ മിറ്റിയോഴ്സ് അഞ്ച് സെറ്റ് ത്രില്ലറിൽ നവാഗതരായ ഡൽഹി തൂഫാൻസിനെ തോൽപ്പിച്ചു. ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ആദ്യ രണ്ട് സെറ്റുകൾ മുംബൈ നേടിയെങ്കിലും തുടർന്നുള്ള രണ്ടു സെറ്റുകൾ നേടി ഡൽഹി തൂഫാൻസ് കളിയിൽ തിരിച്ചെത്തി. അവസാന സെറ്റിലെ ഇഞ്ചോടിഞ്ച് പോരിനൊടുവിൽ മുംബൈ മത്സരം സ്വന്തമാക്കുകയായിരുന്നു. സ്കോർ: 1513, 1715, 1315, 1315, 1715. ശുഭം ചൗധരിയാണ് കളിയിലെ താരം. ഇന്ന് (ശനി) വൈകിട്ട് 6.30ന് നടക്കുന്ന മത്സരത്തിൽ ചെന്നൈ ബ്ലിറ്റ്സ് ഹൈദരാബാദ് ബ്ലാക്ക് ഹോക്സിനെ നേരിടും. ആദ്യ മത്സരത്തിൽ ചെന്നൈ അഹമ്മദാബാദിനോട് തോറ്റിരുന്നു.

### യു. പി. എസ്. സി പരീക്ഷ

# ഞായറാഴ്ച്ച അധിക സർവ്വീസ് ഒരുക്കി കൊച്ചി മെട്രോ

**കൊച്ചി:** ഫെബ്രൂവരി പതിനെട്ട്, ഞായറാഴ്ച്ച യു.പി.എസ്.സി എൻജിനിയറിംഗ് സർവ്വീസസ്, കമ്പൈൻഡ് ജിയോ സൈന്റിസ്റ്റ് പരീക്ഷകൾ നടക്കുന്നതിനാൽ കൊച്ചി മെട്രോ സർവ്വീസ് സമയം ദീർഘിപ്പിക്കുന്നു. പരീക്ഷയെഴുതുന്നവർക്ക് കൃത്യ സമയത്ത് തന്നെ പരീക്ഷാ സെന്ററിൽ എത്തുന്നതിനായി ഞായറാഴ്ച്ച രാവിലെ 7 മണി മുതൽ കൊച്ചി മെട്രോ സർവ്വീസ് ആലുവ, എസ് എൻ ജംഗ്ഷൻ സ്റ്റേഷനുകളിൽ നിന്ന് ആരംഭിക്കുന്നതാണ്.

നിലവിൽ രാവിലെ 7.30നാണ് കൊച്ചി മെട്രോ ഞായറാഴ്ച്ചകളിൽ സർവ്വീസ് ആരംഭിച്ചിരുന്നത്.

# അപൂർവ രോഗ ചികിത്സാ രംഗത്തെ കേരളത്തിന്റെ നിർണായക ചുവടുവയ്പ്പ്: മുഖ്യമന്ത്രി



**തിരുവനന്തപുരം:** അപൂർവ രോഗ ചികിത്സാ രംഗത്തെ കേരളത്തിന്റെ നിർണായക ചുവടുവയ്പ്പായി 'കേരള യുണൈറ്റഡ് എഗെൻസ്റ്റ് റെയർ ഡിസീസസ്' അഥവാ കെയർ പദ്ധതി മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അപൂർവ രോഗങ്ങളെ പ്രതിരോധിക്കാനും, നേരത്തെ കണ്ടെത്താനും, നിലവിൽ ലഭ്യമായ ചികിത്സ ലഭ്യമാക്കാനും, തെറാപ്പികൾ, സാങ്കേതിക സഹായ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാനും, ഗൃഹ കേന്ദ്രീകൃത സേവനങ്ങൾ ഉറപ്പു വരുത്താനും മാതാപിതാക്കൾക്കുള്ള മാനസിക, സാമൂഹിക പിന്തുണ ഉറപ്പു വരുത്താനുമൊക്കെ ഉതകുന്ന ഒരു സമഗ്ര പരിചരണ പദ്ധതി തയ്യാറാക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായാണ് അപൂർവ രോഗപരിചരണ പദ്ധതിയായ കെയർ പ്രഖ്യാപിക്കപ്പെടുന്നത്. പല കാര്യങ്ങളിലും രാജ്യത്തിനാകെ മാതൃകാപരമായ പ്രവർത്തനമാണ് കേരളം നടത്തുന്നത്. ഇതും അത്തരത്തിലൊന്നാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. അപൂർവ രോഗ പരിചരണത്തിനായുള്ള കെയർ പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനവും 42 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടേയും 37 ഐസൊലേഷൻ വാർഡുകളുടേയും സംസ്ഥാനതല ഉദ്ഘാടനവും തിരുവനന്തപുരം ടാഗോർ തീയറ്ററിൽ വച്ച് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

ആഗോളതലത്തിൽ ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് അയ്യായിരത്തിൽ അധികം അപൂർവ രോഗങ്ങളാണുള്ളത്. പതിനായിരം പേരിൽ ശരാശരി ഒന്ന് മുതൽ ആറ് വരെ ആളുകളെ ബാധിക്കുന്ന രോഗങ്ങളെയാണ് അപൂർവ രോഗങ്ങളായി കണക്കാക്കി വരുന്നത്. 2021 ലെ ദേശീയ അപൂർവരോഗനയ പ്രകാരം ദേശീയതലത്തിൽ 11 കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി അംഗീകരിച്ചിട്ടുണ്ട്. ഇവയിൽ ഒരു കേന്ദ്രം എസ്എടി ആശുപത്രിയാണ്. ഇതിനായി 3 കോടി രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ട്. കേന്ദ്ര നയ പ്രകാരം ഒരു രോഗിക്ക് പരമാവധി 50 ലക്ഷം രൂപ വരെയുള്ള ചികിത്സയാണ് ഈ കേന്ദ്രത്തിലൂടെ നൽകാൻ കഴിയുന്നത്. എന്നാൽ പല രോഗങ്ങളുടെയും നിലവിലെ ചികിത്സകൾക്ക് ഈ തുക മതിയാകില്ല എന്നതാണ് യാഥാർഥ്യം. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ അപൂർവ രോഗ പരിചരണത്തിന് ഒരു സമഗ്ര നയരൂപീകരണം ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ ഓരോ നിയോജക മണ്ഡലത്തിലും ആധുനിക മെഡിക്കൽ സൗകര്യങ്ങളോടു കൂടിയ 10 കിടക്കകളുള്ള ഐസോലേഷൻ വാർഡുകൾ തയ്യാറാക്കാൻ നേരത്തെ തീരുമാനിച്ചിരുന്നു. കഴിഞ്ഞ വർഷം 10 ഐസോലേഷൻ വാർഡുകളുടെ ഉദ്ഘാടനം നടന്നു. ഇപ്പോൾ 37 ഐസോലേഷൻ വാർഡുകൾ കൂടി നാടിന് സമർപ്പിക്കപ്പെടുന്നു.

മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങൾ നിലനിൽക്കുമ്പോഴും പകർച്ചവ്യാധികൾ വളരെയേറെ കൂടുന്നുണ്ട്. ചികിത്സയും മരുന്നുകളും ഒരുക്കുന്നതുപോലെ തന്നെ പ്രധാനമാണ് രോഗപ്രതിരോധത്തിനുതകുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതും. പകർച്ചവ്യാധികളുടെ പ്രതിരോധത്തിന് ഏറ്റവും പ്രധാനപ്പെട്ടതാണ് ഐസോലേഷൻ വാർഡുകൾ. ഇത് കഴിഞ്ഞ കോവിഡ് കാലത്ത് പരിചിതമാണ്. ആ മാതൃകയിൽ സംസ്ഥാനത്തെമ്പാടും ഐസോലേഷൻ വാർഡുകൾ ഒരുക്കുകയാണ്. 140 മണ്ഡലങ്ങളിലും ഇതിനായുള്ള ആരോഗ്യ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. 250 കോടി രൂപയാണ് ഇതിന് ആകെ ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ 50 ശതമാനം തുക കിഫ്ബി മുഖേനയും 50 ശതമാനം തുക എംഎൽഎമാരുടെ ആസ്തിവികസന ഫണ്ട് മുഖേനയുമാണ് ലഭ്യമാക്കുന്നത്.

മാനവ വികസന സൂചികയിൽ മറ്റേതൊരു ഇന്ത്യൻ സംസ്ഥാനത്തേക്കാളും ഏറെ മുന്നിലാണ് കേരളം. ലോകം ശ്രദ്ധിക്കുന്ന തരത്തിലുള്ള സാമൂഹിക പുരോഗതി നേടാൻ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നമുക്കു കഴിഞ്ഞിട്ടുണ്ട്. ആ അടിസ്ഥാനത്തിൽ ഊന്നിക്കൊണ്ട് ആരോഗ്യ മേഖലയിലെ രണ്ടും മൂന്നും തലമുറ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ തയ്യാറെടുക്കുകയാണ് കേരളം. അതിലേക്കുള്ള ചുവടുവയ്പ്പായി മാറും ഇന്നിവിടെ ഉദ്ഘാടനം ചെയ്യപ്പെടുന്ന പദ്ധതികളെന്നും മുഖ്യമന്ത്രി പറഞ്ഞു.

അപൂർവ രോഗങ്ങളുടെ ചികിത്സാ പദ്ധതിയായ കെയറിൽ പൊതുജനങ്ങളുടെ പിന്തുണ അഭ്യർത്ഥിക്കുന്നതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരമാണ് ഈ പദ്ധതി ഏറ്റെടുത്തത്. സിഎസ്ആർ ഫണ്ട്, ക്രൗഡ് ഫണ്ടിംഗ് എന്നിവയിലൂടെ ഈ പദ്ധതിയ്ക്ക് തുക കണ്ടെത്തും. അപൂർവ രോഗങ്ങൾക്ക് വളരെ ചെലവേറിയ ചികിത്സകളാണുള്ളത്. ജീവിതത്തിന്റെ നിസഹായതയിൽ കേരളം ഒന്നിക്കുകയാണ്. അപൂർവ രോഗത്തിനായി പൈലറ്റ് പ്രോജക്ട് നടത്തി. ആശുപത്രികളിൽ നട്ടെല്ല് നിവർത്തുന്ന ശസ്ത്രക്രിയ ആരംഭിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിലും ഇപ്പോൾ തൃശൂർ മെഡിക്കൽ കോളേജിലും ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെയാണ് സർക്കാർ വലിയൊരു വെല്ലുവിളി ഏറ്റെടുത്തിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ആരോഗ്യ മേഖലയിലെ വരാനിരിക്കുന്ന ആരോഗ്യ ആവശ്യങ്ങളാണ് നവകേരളം കർമ്മപദ്ധതിയിലൂടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. ഐസൊലേഷൻ വാർഡുകൾ മൾട്ടി പർപ്പസിനായി ഉപയോഗിക്കും. നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലൂടെ പൂർണമായും സൗജന്യ ചികിത്സ ഉറപ്പാക്കും. രാജ്യത്ത് ആദ്യമായി എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ലാബ് സൗകര്യമൊരുക്കും. രോഗങ്ങളുടെ മുമ്പിൽ ഒരാളും നിസഹായരായി പോകരുത്. സെർവിക്കൽ കാൻസർ പ്രതിരോധത്തിനായി വാക്സിനേഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. രണ്ടര വർഷത്തിനുള്ളിൽ ഇരുപത്തിയൊന്നാമത് ദേശീയ പുരസ്കാരമാണ് ആരോഗ്യ മേഖലയ്ക്ക് ലഭിച്ചത്. അത് ഓരോ ആരോഗ്യ പ്രവർത്തകർക്കുമുള്ളതാണെന്നും മന്ത്രി പറഞ്ഞു.

ആന്റണി രാജു, ആര്യാ രാജേന്ദ്രൻ, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ജീവൻ ബാബു, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ ഡോ. ഷിബുലാൽ എന്നിവർ പങ്കെടുത്തു.

# സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുമെന്ന്: വി.ശിവൻകുട്ടി

**തിരുവനന്തപുരം:** കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്റ്റാർസ് പദ്ധതി പ്രകാരം വൊക്കേഷണൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിച്ചതായി പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു. ഇതിന്റെ ഭാഗമായി 210 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ആദ്യഘട്ടത്തിൽ 14 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളാണ് സംസ്ഥാനത്ത് ആരംഭിക്കുന്നത്. നൈപുണ്യ പരിശീലന കേന്ദ്രങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ഫെബ്രുവരി 19ന് വൈകിട്ട് അഞ്ചിന് തിരുവനന്തപുരം കമലേശ്വരം ഹയർ സെക്കൻഡറി സ്കൂളിൽ നടക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

സ്റ്റാർസ് പദ്ധതി പ്രകാരം 236 സെന്ററുകളാണ് സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ളത്. ഓരോ സെന്ററിനും ഇരുപത്തിയൊന്ന് ലക്ഷത്തി അമ്പതിനായിരം രൂപ വീതമാണ് നൽകിയിട്ടുള്ളത്. 236 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾക്കായി ആകെ അനുവദിച്ചിട്ടുള്ളത് 50.74 കോടി രൂപയാണെന്നും മന്ത്രി അറിയിച്ചു.

എ. ഐ. ഡിവൈസസ് ഇൻസ്റ്റലേഷൻ ഓപ്പറേറ്റർ, ടെലികോം ടെക്നീഷ്യൻ: ഐ. ഒ. ടി. ഡിവൈസസ്/സിസ്റ്റംസ്, ഡ്രോൺ സർവീസ് ടെക്നീഷ്യൻ, ഇലക്ട്രിക് വെഹിക്കിൾ സർവീസ് ടെക്നീഷ്യൻ, ഗ്രാഫിക് ഡിസൈനർ, ഹൈഡ്രോപോണിക്സ് ടെക്നീഷ്യൻ, ജ്വല്ലറി ഡിസൈനർ, ബേക്കിംഗ് ടെക്നീഷ്യൻ, ഫിറ്റ്നസ് ട്രെയിനർ, ഫുഡ് ആൻഡ് ബീവറേജ് സർവീസ് അസോസിയേറ്റ്, എക്സിം എക്സിക്യൂട്ടീവ്, വെയർ ഹൗസ് അസോസിയേറ്റ് തുടങ്ങിയ കോഴ്സുകളാണ് നൈപുണ്യ പരിശീലന കേന്ദ്രങ്ങളിൽ ഉണ്ടാകുക. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിലാണ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ തിരഞ്ഞെടുത്തിട്ടുള്ളത്. സർക്കാർ സെക്കന്ററി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകൾ കേന്ദ്രീകരിച്ചാണ് സെന്ററുകൾ പ്രവർത്തിക്കുകയെന്ന് മന്ത്രി അറിയിച്ചു. ഓരോ സെന്ററിലും തെരഞ്ഞെടുക്കപ്പെട്ട രണ്ട് ജോബ് റോളുകളുടെ ഓരോ ബാച്ചുകളാണ് ഉണ്ടാകുക. ഒരു ബാച്ചിൽ 25 കുട്ടികൾ ഉണ്ടാകും. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം, എസ്.സി.ഇ.ആർ.ടി ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ,കരിക്കുലം പൊതുവിദ്യാഭ്യാസ വകുപ്പ് വി.എച്ച്.എസ്.ഇ, സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ,വൊക്കേഷണൽ എസ്.എസ്.കെ, 2 വിദഗ്ധർ, സ്റ്റേറ്റ് സ്കിൽ ഡവലപ്മെന്റ് മിഷന്റെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതിയായിരിക്കും ജോബ് റോളുകൾ തെരഞ്ഞെടുക്കുന്നത്

പത്താംതരം കഴിഞ്ഞ് പഠനം മതിയാക്കിയ കുട്ടികൾ, ആദിവാസി മേഖലയിലെ കുട്ടികൾ, സ്കോൾ കേരള വഴി രജിസ്റ്റർ ചെയ്ത് ഓപ്പൺ സ്കൂൾ വഴി പഠിക്കുന്നവർ, ഭിന്നശേഷി കുട്ടികൾ, ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിൽ നിലവിൽ പഠിക്കുന്ന കുട്ടികൾ, ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കിയ കുട്ടികൾ എന്നിവരായിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ. കോഴ്സിന്റെ കാലാവധി പരമാവധി ഒരു വർഷം ആയിരിക്കും. കോഴ്സിന്റെ ഭാഗമായി ഓൺ ദ ജോബ് ട്രെയിനിങ്ങും പ്രാദേശിക വിദഗ്ധരുടെ ക്ലാസുകളും സംഘടിപ്പിക്കും. പഠന മാധ്യമം ഇംഗ്ലീഷും മലയാളവും ആയിരിക്കും.

സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിൽ പ്രവേശനം നേടുന്നതിനുള്ള പരമാവധി പ്രായം 23 ആണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന പ്രായപരിധിയിൽ പരമാവധി രണ്ട് വർഷം വരെയും ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്ക് അഞ്ച് വർഷം വരെ ഇളവും അനുവദിക്കും. കോഴ്സ് തികച്ചും സൗജന്യമായിരിക്കും. പ്രവേശന സമയത്ത് കുട്ടികളിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റായി 1,000 രൂപ വീതം ഈടാക്കും. എസ്.സി. / എസ്.ടി/ സി. ഡബ്ല്യൂ. എസ്. എൻ കുട്ടികൾക്ക് ഇതിൽ 50 ശതമാനം ഇളവ് നൽകുമെന്നും മന്ത്രി അറിയിച്ചു.

# ഭാരത് മാർട്ട്: പുതിയ വ്യാപാര ഇടനാഴി വഴി തുറന്ന് ഡിപി വേൾഡ്

**കൊച്ചി :** ഇന്ത്യൻ നിർമ്മാതാക്കൾക്കും കയറ്റുമതിക്കാർക്കും ലോകോത്തര ട്രേഡിംഗ് പ്ലാറ്റ്ഫോം വാഗ്ദാനം ചെയ്യുന്ന പദ്ധതിയായ ഭാരത് മാർട്ടിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഹിസ് ഹൈനസ് ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മുക്തുമും ചേർന്ന് തറക്കല്ലിട്ടു.

ലോക ഗവൺമെന്റ് ഉച്ചകോടി 2024 ലിൽ നടന്ന ചടങ്ങിലായിരുന്നു തറക്കല്ലിടൽ കർമ്മം. 2026ൽ തുറക്കാനിരിക്കുന്ന ദുബായ് വിപണിയായ ഭാരത് മാർട്ടിന്റെ പദ്ധതികൾ ഡിപി വേൾഡ് പുറത്തിറക്കി. ആദ്യ ഘട്ടത്തിലെ 1.3 മില്യൺ സ്ക്വയർ ഫീറ്റ് ഉൾപ്പെടെ 2.7 മില്യൺ സ്ക്വയർ ഫീറ്റ് വലിപ്പമുള്ള ഒരു ബൃഹത്തായ വിതരണകേന്ദ്രമാണ് ഭാരത് മാർട്ട്. യുഎഇയിൽ വിൽക്കാൻ മാത്രമല്ല, അവിടെ നിന്ന് മറ്റ് രാജ്യങ്ങളിലേക്ക് വീണ്ടും കയറ്റുമതി ചെയ്യാനും ഭാരത് മാർട്ട് സഹായിക്കും. ജെബൽ അലി ഫ്രീ സോണിലാണ് (ജെഫ്സ) ഭാരത് മാർട്ട് സ്ഥാപിക്കുന്നത്. മൊത്തവിപണിയും ചില്ലറവിപണിയും ഉൾപ്പെടെ 1500ലധികം ഷോറൂമുകൾ ഭാരത് മാർട്ടിൽ ഉണ്ടാകും. 70,000 സ്ക്വയർ ഫീറ്റ് വലിപ്പമുള്ള സംഭരണശാലയും ഓഫിസ് സ്പേയ്സുകളും മീറ്റിംഗ് സൗകര്യവും ലഘുവ്യാപാര യൂണിറ്റുകളും എല്ലാം ഉൾപ്പെടുന്നതാണ് ഭാരത് മാർട്ട്.

യുഎഇ നൽകുന്ന ഫ്രീ സോൺ, ഓൺഷോർ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും.ഭാരത് മാർട്ട് യാഥാർഥ്യമാകുന്നതോടെ ഇന്ത്യയ്ക്കും യുഎഇക്കുമിടയിലെ വ്യാപാരബന്ധം കൂടുതൽ ശക്തിപ്പെടുമെന്ന് ഡിപി വേൾഡ് ഗ്രൂപ്പ് ചെയർമാനും സിഇഒയുമായ സുൽത്താൻ അഹ്മദ് ബിൻ സുലായം പറഞ്ഞു. ”ഇന്ത്യയ്ക്കും യുഎഇക്കുമിടയിൽ എണ്ണയ്ക്ക് പുറമെയുള്ള വ്യാപാരം 2030 ഓടെ 100 ബില്യൺ ഡോളറിലെത്തിക്കാനാണ് ഇരുരാജ്യങ്ങളും ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.ഇന്ത്യയും യുഎഇയും തമ്മിലുള്ള 100 ദശലക്ഷം അമേരിക്കൻ ഡോളറിന്റെ എണ്ണ ഇതര ഉഭയകക്ഷി വ്യാപാരം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള സുപ്രധാന നാഴികക്കല്ലാണ് ഭാരത് മാർട്ടിന്റെ സ്ഥാപനമെന്ന് ഡിപി വേൾഡ് നേർത്ത് ആഫ്രിക്ക ആൻഡ് ഇന്ത്യ ഉപഭൂഖണ്ഡത്തിന്റെ സിഇഒയും എംഡിയുമായ റിസ്വാൻ സൂമർ പറഞ്ഞു. ഭാരത് മാർട്ടിൽ ഇന്ത്യയിൽ നിർമ്മിച്ച സാധനങ്ങൾ പ്രദർശിപ്പിക്കുന്നതിലൂടെ ഇന്ത്യയിലെ നിർമ്മാതാക്കളെ മിഡിൽ ഈസ്റ്റ്, ആഫ്രിക്ക, മധ്യേഷ്യ, യൂറോപ്പ് തുടങ്ങിയ പ്രധാന വിപണികളിൽ നിന്നുള്ള വ്യാപാരികളുമായി ബന്ധിപ്പിക്കാൻ ഈ സംരംഭം സഹായിക്കുമെന്നും റിസ്വാൻ സൂമർ പറഞ്ഞു.




# പുതിയ കാർ വിതരണ സംവിധാനവുമായി ടൊയോട്ട

**കൊച്ചി:** ഉപഭോക്തൃസൗഹൃദ നടപടികളുടെ ഭാഗമായി പുതിയ കാർ ഡെലിവറി സംവിധാനവുമായി ടൊയോട്ട കിർലോസ്ക്കർ മോട്ടോർ പ്രൈവറ്റ് ലിമിറ്റഡ്. വാഹനവിപണിയിൽ ആദ്യമാണ് ഇത്തരമൊരു സംവിധാനമെന്ന് കമ്പനി വ്യക്തമാക്കുന്നു. പുതിയ സംവിധാനമനുസരിച്ച് ടൊയോട്ട ഡീലർമാർക്ക് സ്റ്റോക്ക് യാർഡിൽ നിന്ന് പുതിയ വാഹനങ്ങൾ വിപണനകേന്ദ്രങ്ങളിലേക്ക് ട്രക്കിൽ അയക്കാനാകും. പുതിയ വാഹനങ്ങൾ റോഡിലൂടെ ഓടിച്ച് സെയിൽസ് ഔട്ട്ലൈറ്റുകളിൽ എത്തിക്കുന്നത് ഒഴിവാക്കാൻ ഇതുവഴി കഴിയും.

ടൊയോട്ട കിർലോസ്ക്കർ മോട്ടോർ പ്രൈവറ്റ് ലിമിറ്റഡിന്റെ (ടൊയോട്ട കിർലേസ്ക്കർ മോട്ടോർ/ ടി.കെ.എം.) അംഗീകൃത ഡീലർമാർ വഴിയാണ് ഈ പൂതിയ പദ്ധതി നടപ്പാക്കുന്നത്. ഡെലിവറി ലൊക്കേഷനിലേക്ക് ഡീലറുടെ സ്റ്റാഫ് വാഹനം റോഡ് മാർഗം ഓടിച്ചെത്തിക്കുന്നത് ഒഴിവാക്കുകയാണ് ഇതുവഴി ഉദ്ദേശിക്കുന്നത്. യാത്രാസൗകര്യങ്ങൾ പരിമിതമായ ഗ്രാമീണമേഖലകളിൽ ഉൾപ്പെടെ ഈ സേവനം ലഭ്യമാകും. ഗ്രാമീണ മേഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച സേവനങ്ങൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് ടൊയോട്ട കിർലോസ്ക്കർ മോട്ടോർ ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടമാണ് ഇപ്പോൾ നടപ്പാക്കുന്നത്. 26 സംസ്ഥാനങ്ങളിൽ നിന്നുള്ള 130 ഡീലർമാർക്കും അവരുടെ ഉപഭോക്താക്കൾക്കും പദ്ധതിയുടെ പ്രയോജനം ആദ്യഘട്ടത്തിൽ ലഭിക്കും.

# മോട്ടറോള മോട്ടോ ജി04 പുറത്തിറക്കി



**കൊച്ചി:** ഏറ്റവും പുതിയ ബജറ്റ് സ്മാർട്ട്ഫോൺ മോട്ടോ ജി04 പുറത്തിറക്കി മോട്ടറോള. പുതിയ ആൻഡ്രോയിഡ് 14 ഉള്ള താങ്ങാനാവുന്ന വിലയുള്ള ഇന്ത്യയിലെ സ്മാർട്ട്ഫോൺ കൂടിയാണ് മോട്ടോ ജി04 എന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഐ പി 52 വാട്ടർ റിപ്പല്ലന്റ് ഡിസൈൻ, 15 വാട്ട് ചാർജിങ് ഉള്ള 5000 എംഎഎച്ച് ബാറ്ററി, ഡോൾബി അറ്റ്മോസ് സ്പീക്കർ എന്നിവ ഉൾപ്പെടെയുള്ള സവിശേഷതകളോടെയാണ് മോട്ടോ ജി04 വരുന്നത്. കൂടാതെ പകൽ വെളിച്ചത്തിലായാലും കുറഞ്ഞ വെളിച്ചത്തിലായാലും മികച്ച ചിത്രങ്ങൾക്കായി ക്വാഡ് പിക്സൽ ക്യാമറ സംവിധാനമുള്ള 16 എം പി എ ഐ ക്യാമറയും യൂണിസെക് ടി606 ചിപ്സെറ്റുള്ള യു എഫ് എസ് 2.2 സ്റ്റോറേജും ഇതിന്റെ സവിശേഷതയാണെന്നും കമ്പനി അധികൃതർ പറഞ്ഞു.

കോൺകോർഡ് ബ്ലാക്ക്, സീ ഗ്രീൻ, സാറ്റിൻ ബ്ലൂ, സൺറൈസ് ഓറഞ്ച് എന്നിങ്ങനെ നാല് നിറങ്ങളിൽ മോട്ടോ ജി04 ലഭ്യമാണ്. അക്രിലിക് ഗ്ലാസ് ഫിനിഷുള്ള പ്രീമിയം ഡിസൈനോടെയാണ് വരുന്നത്. 90 ഹെർട്സ് റിഫ്രഷ് റേറ്റ് ഉള്ള 16.66 സെന്റീമീറ്റർ (6.6‘) ഐ പി എസ് എൽ സി ഡി പഞ്ച് ഹോൾ ഡിസ്പ്ലേയും ഇതിലുണ്ട്. 4 ജിബി, 8 ജിബി റാം വേരിയന്റുകളിൽ മോട്ടോ ജി04 ലഭ്യമാണ്. ഇത് റാം ബൂസ്റ്റ് ഉപയോഗിച്ച് 16 ജിബി വരെ വർദ്ധിപ്പിക്കാം. 64 ജിബി, 128 ജിബി എന്നിങ്ങനെ രണ്ട് സ്റ്റോറേജ് ഓപ്ഷനുകൾക്കൊപ്പം മൈക്രോ എസ് ഡി കാർഡ് ഉപയോഗിച്ച് 1 ടിബി വരെ വർദ്ധിപ്പിക്കാനാകും. കൂടാതെ ട്രിപ്പിൾ സിം കാർഡ് സ്ലോട്ടും ഉൾപ്പെടുന്നുന്നുണ്ട്.

രണ്ട് മെമ്മറി വേരിയന്റുകൾക്ക് യഥാക്രമം 6,999 രൂപയും 7,999 രൂപയുമാണ് വില. ലോഞ്ച് ഓഫറിന്റെ ഭാഗമായി എക്സ്ചേഞ്ച് ചെയ്യുമ്പോൾ 4 ജിബി+64 ജിബി വേരിയന്റിന് ഉപഭോക്താക്കൾക്ക് 750 രൂപ അധിക കിഴിവിലൂടെ 6,249 രൂപയ്ക്ക് ലഭിക്കും. ഫ്ലിപ്പ്കാർട്ട്, മോട്ടറോള.ഇൻ എന്നിവയിലും റീട്ടെയിൽ സ്റ്റോറുകളിലും ഫെബ്രുവരി 22ന് ഉച്ചക്ക് 12 മുതൽ മോട്ടോ ജി04 വിൽപ്പനയ്ക്കെത്തുമെന്നും കമ്പനി അധികൃതർ പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% CUSTOMER SATISFACTION GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663